**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - കേരള മുനിസിപ്പൽ കോമൺസർവീസ് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.മാത്യു എം ജോർജ്ജ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 385/2025 കേസിലെ 06/03/2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവായിട്ടുള്ളത് പ്രകാരം ടിയാന്റെ സീനിയോറിറ്റി പുനക്രമീകരീകരിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ LSGD/PD/22991/2025-GEA4 തീയതി: 18-09-2025

പരാമർശം:

1) നഗരകാര്യ ഡയറക്ടറുടെ 30/10/2020 തീയതിയിലെ ഇ5- 14750/18 നമ്പർ ഉത്തരവ്
2) 22/03/2021 തീയതിയിലെ തസ്വഭവ-ഇആർഎ3/62/2020-തസ്വഭവ നമ്പർ സർക്കാർ കത്ത്
3) ശ്രീ.മാത്യുജോർജ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 385/2025 നമ്പർ കേസിലെ 06/03/2025 തീയതിയിലെ അന്തിമ വിധിന്യായം
4) പ്രിൻസിപ്പൽ ഡയറക്ടറുടെ 24/06/2025 തീയതിയിലെ LSGD/PD//7219/2025-LL2 നമ്പർ ഉത്തരവ്

**ഉത്തരവ്**

ശ്രീ മാത്യു ജോർജ്ജ് കളമശ്ശേരി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960 ലെ KCS&CCA ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് 03/06/2017 തീയതിയിൽ കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി സർക്കാരിന്റെ 02/02/2023 ലെ GO (Rt) 301/2023/LSGD പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് 13/03/2024 തീയതിയിലെ LSGD/PD/4328/2023/DEB5 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി കോഴിക്കോട് നഗരസഭയിൽ നിയമിച്ച് ഉത്തരവായിരുന്നു. ശ്രീ മാത്യു ജോർജ്ജിനെതിരെ അച്ചടക്ക നടപടി ആരംഭിച്ച് തുടർ നടപടികൾ സ്വീകരിച്ച് വന്നിരുന്ന കാലയളവിൽ നഗരകാര്യ ഡയറക്ടറുടെ 30/10/2020 ലെ E5/14750/18 -ാം നമ്പർ ഉത്തരവ് പ്രകാരം ടിയാനെക്കാൾ ജൂനിയറായ ജീവനക്കാരുൾപ്പെടെ 12 പേർക്ക് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുണ്ടായിരുന്നു. ശ്രീ മാത്യു ജോർജ്ജിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നതിനാൽ ജൂനിയർമാരോടൊപ്പം ടിയാന് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നില്ല. ആയതിനെതിരെയും നിലവിൽ അനുവദിച്ച സ്ഥാനക്കയറ്റ ഉത്തരവ് മുൻകാല പ്രാബല്യത്തോടെ അനുവദിച്ച് നൽകുന്നതിനും ടിയാൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 385/2025 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു.

KS&SSR PART II RULE 28 B (1) പ്രകാരം നോൺ സെലക്ഷൻ തസ്തികയിലേക്കുള്ള പ്രൊമോഷന് ജീവനക്കാരനെതിരെ ആരംഭിച്ച വകുപ്പ്തല അച്ചടക്ക നടപടികൾ പൂർത്തിയായില്ല എന്ന കാരണത്താൽ പ്രൊമോഷൻ തടയുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ, സ്ഥാനകയറ്റം നൽകുന്നതിന് തടസ്സങ്ങളില്ല എന്ന് സമാന വിഷയത്തിൽ പരാമർശം (2) പ്രകാരം സർക്കാർ കത്ത് ലഭ്യമായിട്ടുള്ളതിൻറെ അടിസ്ഥാനത്തിൽ ശ്രീ മാത്യു ജോർജ്ജ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 385/2025 ഹർജിയിലെ അനുബന്ധം 7 പരിഗണിച്ച് 06/03/2025 ലെ വിധിന്യായം നടപ്പിലാക്കി 30/10/2020 തീയതിയിൽ മുൻകാല പ്രാബല്യത്തോടെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ശ്രീ മാത്യു ജോർജ്ജിന് സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള ഉത്തരവ് പരാമർശം (4) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഗ്രഡേഷൻ ലിസ്റ്റിൽ ക്രമ നമ്പർ 43 ഷാജി പി എം ഉം **ക്രമ നമ്പർ 44 ശ്രീ മാത്യു ജോർജ്ജും** ക്രമ നമ്പർ 45 സുധീന്ദ്രൻ യു സി യും ആണ് ഉൾപ്പെട്ടിരിക്കുന്നത്. ആയത് പ്രകാരം പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ 30/10/2020 ലെ ഇ5- 14750/18 നമ്പർ ഉത്തരവിൽ ക്രമനമ്പർ 3 ഷാജി പി എം നും ക്രമ നമ്പർ 4 സുധീന്ദ്രൻ യു സി ക്കും മദ്ധ്യേ ശ്രീ മാത്യു ജോർജ്ജ് ഉൾപ്പെട്ട് വരേണ്ടതായിരുന്നു. മേൽ സാഹചര്യത്തിൽ പരാമർശം (4) വിധിന്യായം പ്രകാരം അനുബന്ധം 7 പരിഗണിച്ച് ശ്രീ മാത്യു ജോർജ്ജിന് 30/10/2020 തീയതിയിൽ മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകി വിധിന്യായം നടപ്പിലാക്കിയതിൻറെ അടിസ്ഥാനത്തിൽ 31/12/2023 തീയതി വരെയുള്ള സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 43 ഷാജി പി എം നും ക്രമ നമ്പർ 44 സുധീന്ദ്രൻ യു സി ക്കും മദ്ധ്യ ശ്രീ മാത്യു ജോർജിനെ ക്രമനമ്പർ 43 A ആയി ഉൾപ്പെടുത്തി സീനിയോറിറ്റി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

Geromic George IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ശ്രീ.മാത്യൂ ജോർജ്, സീനിയർ പബ്ലിക് ഇൻസ്പെക്ടർ ഗ്രേഡ് 2 (കോഴിക്കോട് നഗരസ സെക്രട്ടറി മുഖേന)
2. സീനിയർ സൂപ്രണ്ട്, DEB സെക്ഷൻ
3. സിസ്റ്റം മാനേജർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 18-09-2025 23:52:07